# 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4416** — **10-08-2021 - ൽ മറുപടിയ്ക്ക്**

## നെല്ലിന്റെ താങ്ങുവില

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന്റെ താങ്ങുവില സമയബന്ധിതമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (എ) | സംഭരണം അവസാനിച്ച 2020-21 സീസണിൽ 27.48 രൂപ / കി.ഗ്രാം നിരക്കിലാണ് കർഷകർക്ക് നെല്ലിന്റെ സംഭരണ വിലയായി നൽകിയത്. 2021 സെപ്റ്റംബർ മാസം തുടങ്ങുന്ന അടുത്ത സീസൺ മുതൽ സംഭരിക്കുന്ന നെല്ലിന് സംസ്ഥാന സർക്കാർ വിഹിതമായ എസ്.ഐ.ബി ഇനത്തിൽ കി.ഗ്രാമിന് 52 പൈസ കൂടി വർധിപ്പിച്ച് സംഭരണവില കിലോയ്ക്ക് ആകെ 28 രൂപ ആക്കിയിട്ടുണ്ട്. കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന്റെ താങ്ങുവില സമയബന്ധിതമായി നൽകുന്നതിന് സംസ്ഥാന സർക്കാർ പി.ആർ.എസ് വായ്പ പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. പി.ആർ.എസ്. (പാഡി രസീത് ഷീറ്റ്) വായ്പാപദ്ധതിയ്ക്കായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 10 ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നെല്ല് നൽകിയ കൈപ്പറ്റ് രസീത് ബാങ്കിൽ ഹാജരാക്കുന്ന മുറയ്ക്ക് സപ്ലൈകോ പേഓർഡർ റിലീസ് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ സംഭരണ വില കർഷകർക്ക് നൽകുകയും ചെയ്യുന്നു. ഇപ്രകാരം വിതരണം ചെയ്യുന്ന തുകയും ആയതിന്റെ പലിശയും സപ്ലൈകോ അതാത് ബാങ്കുകൾക്ക് തിരികെ നൽകുന്നു. നിലവിൽ സംഭരണം പൂർത്തിയായ 2020-21 സീസണിലെ സംഭരണവിലയായി 2047.11 കോടി രൂപ 241687 കർഷകർക്കായി 04/08/2021 വരെ വിതരണം ചെയ്തിട്ടുണ്ട്. 10473 കർഷകർക്കായി ഏകദേശം 54.78 കോടി രൂപ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ